## കാർഷികോത്പാദക സംഘങ്ങൾ

137 (1431) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷികോത്പാദക സംഘങ്ങൾ ആരംഭിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

### ഉത്തരം

(എ) കാർഷികോത്പാദക സംഘങ്ങൾ ആരംഭിക്കുന്നത് സർക്കാരിന്റെ പുതിയ സംരംഭമാണ്. ഇതു സംബന്ധിച്ച നടപടികൾ പുരോഗമിച്ചു വരികയാണ്.

(ബി) കൃഷിക്കാരന്റെ ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിലയും ഉപഭോക്താക്കൾക്ക് ന്യായവിലയ്ക്ക് നിത്യോപയോഗ സാധനങ്ങളും ലഭ്യമാക്കുന്നതിന് കർഷക മാർക്കറ്റുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടാണ് കർഷക ഉത്പാദക സംഘങ്ങൾ രൂപീകരിക്കുന്നത്.

(സി&ഡി) പാലക്കാട് ജില്ലയിലെ അട്ടപ്പാടി മേഖലയിലെ സമഗ്ര കാർഷിക പുരോഗതിക്ക് "ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ്" കമ്പനി രൂപീകരിക്കുന്നത് സംബന്ധിച്ച് 9-4-2013-ൽ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. ഇതുപ്രകാരം 208 ഏക്കർ സ്ഥലത്തെ കർഷകരുടെ കൂട്ടായ്മയായി രൂപീകരിക്കുന്ന "ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനി" യുടെ പ്രോജക്റ്റ് സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ മുഖേന തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഇത്തരത്തിലുള്ള കർഷകോത്പാദക സംഘങ്ങൾ മറ്റു സ്ഥലങ്ങളിലും ആവശ്യാനുസരണം ആരംഭിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly